| 02–07–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– നിങ്ങൾ ഡബിൾ അഹിംസകരായ ആത്മീയ സേനയാണ് നിങ്ങൾക്ക് ശ്രീമതത്തിലൂടെ തന്റെ ദൈവീക രാജധാനിയുടെ സ്ഥാപന ചെയ്യണം.**

**ചോദ്യം–** നിങ്ങൾ ആത്മീയ സേവാധാരികളായ കുട്ടികൾ എല്ലാവർക്കും ഏതൊരു മുന്നറിയിപ്പാണ് നൽകുന്നത്?

**ഉത്തരം–** നിങ്ങൾ എല്ലാവർക്കും മുന്നറിയിപ്പ് കൊടുക്കുന്നു അതായത് ഇത് അതേ മഹാഭാരതയുദ്ധത്തിന്റെ സമയമാണ്, ഇപ്പോൾ ഈ പഴയ ലോകം വിനാശമാകണം, ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. വിനാശത്തിനുശേഷം ജയജയാരവം മുഴങ്ങും. നിങ്ങൾ പരസ്പരം ഇരുന്ന് വിനാശത്തിന് മുമ്പ് എല്ലാവർക്കും ബാബയുടെ പരിചയം എങ്ങനെ നൽകാം എന്നതിൽ വഴി കണ്ടെത്തണം.

***ഗീതം–*** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി.......................

**ഓം ശാന്തി**. ബാബ മനസ്സിലാക്കിത്തരുകയാണ് ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് പിന്നെ അവരെ ഉയർന്നതിലും ഉയർന്ന കമാൻഡർ–ഇൻ–ചീഫ് എന്നും പറയാം എന്തെന്നാൽ നിങ്ങൾ സേനയല്ലേ. നിങ്ങളുടെ സുപ്രീം കമാൻഡർ ആരാണ്? അതും അറിയാം രണ്ട് സേനകളുണ്ട്– അവരുടേത് ഭൗതീകസേന, നിങ്ങളുടേത് ആത്മീയ സേന. അത് പരിധിയുള്ളതാണ്, നിങ്ങൾ പരിധിയില്ലാത്തതാണ്. നിങ്ങളിൽ കമാൻഡർമാരുണ്ട്, ജനറലുണ്ട് പിന്നെ ലെഫ്റ്റനന്റുമുണ്ട്. കുട്ടികൾക്ക് അറിയാം നമ്മൾ ശ്രീമതം അനുസരിച്ച് രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. യുദ്ധത്തിന്റെയൊന്നും കാര്യമേയില്ല. നമ്മൾ ശ്രീമതത്തിലൂടെ മുഴുവൻ വിശ്വത്തിലും വീണ്ടും നമ്മുടെ ദൈവീക രാജ്യം സ്ഥാപിക്കുകയാണ്. കല്പ കല്പം നമ്മുടെ ഈ പാർട്ട് നടക്കുന്നുണ്ട്. ഇതെല്ലാം പരിധിയില്ലാത്ത കാര്യങ്ങളാണ്. ആ യുദ്ധങ്ങളിൽ ഈ കാര്യങ്ങളില്ല. ഉയർന്നതിലും ഉയർന്നത് ബാബയാണ്. ബാബയെ മാന്ത്രികൻ, രത്നാകരൻ, ജ്ഞാനസാഗരൻ എന്നും പറയുന്നു. ബാബയുടെ മഹിമ അപരം അപാരമാണ്. നിങ്ങൾക്ക് ബുദ്ധികൊണ്ട് ബാബയെ ഓർമ്മിച്ചാൽ മാത്രം മതി. മായ ഓർമ്മയെ മറപ്പിക്കുന്നു. നിങ്ങളാണ് ഡബിൾ അഹിംസകരായ ആത്മീയ സേന. നമുക്ക് എങ്ങനെ നമ്മുടെ രാജ്യം സ്ഥാപിക്കാം ഇതാണ് നിങ്ങളുടെ ചിന്ത. ഡ്രാമ തീർച്ചയായും ചെയ്യിക്കും. പുരുഷാർത്ഥം ചെയ്യണമല്ലോ. ആരാണോ നല്ല നല്ല കുട്ടികൾ, നിങ്ങൾ പരസ്പരം അഭിപ്രായം ആരായണം. മായയുമായുള്ള നിങ്ങളുടെ യുദ്ധം അവസാനം വരെ നടന്നുകൊണ്ടിരിക്കും. ഇതും അറിയാം തീർച്ചയായും മഹാഭാരതയുദ്ധം നടക്കണം. ഇല്ലെങ്കിൽ എങ്ങനെ പഴയ ലോകത്തിന്റെ വിനാശമുണ്ടാകും. ബാബ നമുക്ക് ശ്രീമതം നൽകുകയാണ്. നാം കുട്ടികൾക്ക് വീണ്ടും നമ്മുടെ രാജ്യഭാഗ്യം സ്ഥാപിക്കണം. ഈ പഴയ ലോകത്തിന്റെ വിനാശമുണ്ടായി പിന്നീട് ജയജയാരവം മുഴങ്ങണം, ഇതിനായി നിങ്ങൾ നിമിത്തമായിരിക്കുന്നു. അതിനാൽ പരസ്പരം ഒത്തുകൂടണം. എങ്ങനെയെല്ലാം നമ്മൾ സേവനം ചെയ്യും. ബാബയുടെ സന്ദേശം എല്ലാവരേയും കേൾപ്പിക്കണം  അതായത് ഇപ്പോൾ ഈ പഴയ ലോകത്തിന്റെ വിനാശം ഉണ്ടാകണം. ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ലൗകിക പിതാവ് പുതിയ വീട് ഉണ്ടാക്കുകയാണെങ്കിലും കുട്ടികൾ സന്തോഷിക്കാറില്ലേ. അത് പരിധിയുള്ള കാര്യമാണ്, എന്നാൽ ഇത് മുഴുവൻ ലോകത്തിന്റേയും കാര്യമാണ്. പുതിയ ലോകത്തെ സത്യയുഗം എന്നും പഴയ ലോകത്തെ കലിയുഗം എന്നുമാണ് പറയുക. ഇപ്പോൾ പഴയ ലോകമാണ് എങ്കിൽ ഇത് മനസ്സിലാക്കേണ്ടതല്ലേ– ബാബ എപ്പോൾ എങ്ങനെ വന്ന് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. നിങ്ങളും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് അറിയുന്നു. വലുതിലും വലുതാണ് ബാബ, പിന്നീട് നമ്പർവൈസ് ആയി മഹാരഥികൾ, കുതിരപ്പട, കാലാൾപ്പട എന്നിങ്ങനെ. കമാൻഡർ, ക്യാപ്റ്റൻ ഇതെല്ലാം ഉദാഹരണം നൽകി മനസ്സിലാക്കിത്തരുന്നു. അതിനാൽ കുട്ടികൾ കൂടിയാലോചിച്ച് എങ്ങനെ ബാബയുടെ പരിചയം എല്ലാവർക്കും നൽകാം എന്നതിനുള്ള വഴി കണ്ടെത്തണം, ഇതാണ് ആത്മീയ സേവ. നമുക്ക് എങ്ങനെ നമ്മുടെ സഹോദരീ സഹോദരങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ സാധിക്കും അതായത് ബാബ പുതിയ ലോകം സ്ഥാപിക്കാനായി വന്നിരിക്കുന്നു. പഴയ ലോകത്തിന്റെ വിനാശവും മുന്നിൽ നിൽക്കുന്നുണ്ട്. ഇത് അതേ മഹാഭാരത യുദ്ധമാണ്. മഹാഭാരതയുദ്ധത്തിന് ശേഷം പിന്നീട് എന്താണ് എന്നത് പോലും മനുഷ്യർ മനസ്സിലാക്കുന്നില്ല!

നിങ്ങൾ ഇപ്പോൾ ഫീൽ ചെയ്യുന്നുണ്ട് നമ്മൾ ഇപ്പോൾ സംഗമത്തിൽ പുരുഷോത്തമരായി മാറുകയാണ്. ഇപ്പോൾ പുരുഷോത്തമനാക്കി മാറ്റാൻ ബാബ വന്നിരിക്കുന്നു. ഇതിൽ യുദ്ധത്തിന്റെ ഒരു കാര്യവുമില്ല. ബാബ മനസ്സിലാക്കിത്തരുന്നു– കുട്ടികളേ, പതിത ലോകത്തിൽ പാവനമായി ഒരാൾ പോലും ഉണ്ടാകില്ല

പിന്നെ പാവന ലോകത്തിൽ പതിതമായും ആരും ഉണ്ടാകില്ല. ഇത്രയും ചെറിയ കാര്യം പോലും ആരും മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് എല്ലാ ചിത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരുന്നു. ഭക്തി മാർഗ്ഗത്തിൽ മനുഷ്യർ ജപം-തപം, ദാനം-പുണ്യം മുതലായ എന്തെല്ലാം ചെയ്യുന്നുണ്ടോ അതിലൂടെ അല്പകാലത്തിലേയ്ക്കുള്ള കാക്കകാഷ്ടത്തിനു സമാനമായ സുഖമാണ് പ്രാപ്തമാകുന്നത്. പക്ഷേ എപ്പോഴാണോ ആരെങ്കിലും ഇവിടെ വന്ന് മനസ്സിലാക്കുന്നത് അപ്പോഴേ ഇത് ബുദ്ധിയിൽ ഇരിക്കൂ. ഇത് ഭക്തിയുടെ രാജ്യമാണ്. ജ്ഞാനം അല്പം പോലുമില്ല. എങ്ങനെയാണോ പതിത ലോകത്തിൽ പാവനമായ ഒരാൾ പോലും ഇല്ലാത്തത് അതുപോലെ ജ്ഞാനവും ഒരാളിലല്ലാതെ മറ്റാരിലും ഇല്ല. വേദ ശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഏണിപ്പടി ഇറങ്ങുകതന്നെ വേണം. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരായിരിക്കുന്നു, ഇതിൽ നമ്പർവൈസ് സേനയാണ്. മുഖ്യമുഖ്യമായ കമാൻഡർ, ജനറൽ, ക്യാപ്റ്റൻ എന്നിവർ ആരെല്ലാമാണോ അവർ ഒരുമിച്ച് അഭിപ്രായം ശേഖരിക്കണം, നമുക്ക് എങ്ങനെ ബാബയുടെ സന്ദേശം നൽകാൻ സാധിക്കും. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്- സന്ദേശ വാഹകൻ, വഴികാട്ടി, അഥവാ ഗുരു ഒന്നേയുള്ളു. ബാക്കി എല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. സംഗമയുഗികൾ നിങ്ങൾ മാത്രമാണ്. ഈ ലക്ഷ്മീ നാരായണൻ എന്ന ലക്ഷ്യം വളരെ കൃത്യമാണ്. ഭക്തിമാർഗ്ഗത്തിൽ സത്യനാരായണന്റെ കഥ, മൂന്നാമത്തെ നേത്രത്തിന്റെ കഥ, അമരകഥ എന്നിവയെല്ലാം ഇരുന്ന് കേൾപ്പിക്കുന്നു. ഇപ്പോൾ ബാബ നിങ്ങൾക്ക് സത്യമായ സത്യനാരായണന്റെ കഥ കേൾപ്പിക്കുകയാണ്. ഭക്തിമാർഗ്ഗത്തിൽ കഴിഞ്ഞുപോയ കാര്യങ്ങളാണ്, ആരാണോ വന്ന് പോയത് അവരുടെ ഓർമ്മയിൽ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു. ശിവബാബ ഇപ്പോൾ നിങ്ങളെ പഠിപ്പിക്കുന്നു പിന്നീട് ഭക്തിമാർഗ്ഗത്തിൽ ഓർമ്മചിഹ്നങ്ങൾ ഉണ്ടാക്കും അതുപോലെ. സത്യയുഗത്തിൽ ശിവബാബയുടേയോ ലക്ഷ്മീ നാരായണന്റേയോ ആരുടേയും ചിത്രം ഉണ്ടായിരിക്കില്ല. ജ്ഞാനം തീർത്തും വേറെയാണ്, ഭക്തി വേറെയാണ്. അതും നിങ്ങൾക്ക് അറിയാം അതിനാൽ ബാബ പറഞ്ഞിട്ടുണ്ട് മോശമായത് കേൾക്കരുത്, മോശമായത് പറയരുത്..........

നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ എത്ര സന്തോഷമാണ്, പുതിയ ലോകം സ്ഥാപിതമാവുകയാണ്. സുഖധാമത്തിന്റെ സ്ഥാപനാർത്ഥം ബാബ നമുക്ക് നിർദേശങ്ങൾ നൽകുകയാണ്, അതിലും നമ്പർ വൺ നിർദേശം നൽകുന്നു പാവനമായി മാറൂ. എല്ലാവരും പതിതരാണല്ലോ. അതിനാൽ നല്ല നല്ല കുട്ടികൾ ആരെല്ലാമാണോ അവർ ഒരുമിച്ച് ചേർന്ന് നിർദ്ദേശങ്ങൾ തേടണം അതായത് സേവനം എങ്ങനെ വിപുലമാക്കാം, പാവങ്ങൾക്ക് എങ്ങനെ സന്ദേശം നൽകാം, ബാബ കല്പം മുമ്പത്തേതുപോലെ വന്നിരിക്കുന്നു. പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. രാജധാനി തീർച്ചയായും സ്ഥാപിതമാകണം. തീർച്ചയായും മനസ്സിലാക്കും. ആരാണോ ദേവീ ദേവതാ ധർമ്മത്തിലേതല്ലാത്തത് അവർ മനസ്സിലാക്കില്ല. വിനാശകാലത്ത് ഈശ്വരനോട് വിപരീതമായ ബുദ്ധിയല്ലേ. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മോടൊപ്പം വലിയ ധനവാനുണ്ട് അതിനാൽ നിങ്ങൾക്ക് വികാരത്തിലേയ്ക്ക് പോവുകയോ, വഴക്കടിക്കുകയോ അടികൂടുകയോ ചെയ്യരുത്. നിങ്ങളുടെ ബ്രാഹ്മണ ധർമ്മം വളരെ ശ്രേഷ്ഠമാണ്. അവർ ശൂദ്രധർമ്മത്തിലേതും നിങ്ങൾ ബ്രാഹ്മണ ധർമ്മത്തിലേതുമാണ്. നിങ്ങൾ കുടുമയും അവർ കാലുകളുമാണ്. കുടുമയുടെ മുകളിലാണ് ഉയർന്നതിലും ഉയർന്ന നിരാകാരനായ ഭഗവാൻ. ഈ കണ്ണുകൾ കൊണ്ട് കാണാൻ കഴിയാത്തതിനാൽ വിരാട രൂപത്തിൽ കുടുമയായ ബ്രാഹ്മണരേയും ശിവബാബയേയും കാണിക്കുന്നില്ല. ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന് പറയുക മാത്രം ചെയ്യുന്നു. ആരാണോ ദേവതയായി മാറുന്നത് അവർ തന്നെയാണ് പിന്നീട് പുനർജന്മം എടുത്ത് ക്ഷത്രിയൻ, ശൂദ്രൻ, വൈശ്യനായി മാറുന്നത്. വിരാട രൂപത്തിന്റെ അർത്ഥവും ആരും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് എങ്കിൽ ശരിയായ ചിത്രം നിർമ്മിക്കണം. ശിവബാബയേയും കാണിക്കണം ബ്രാഹ്മണനേയും കാണിക്കണം, നിങ്ങൾക്ക് ഇപ്പോൾ എല്ലാവർക്കും ഈ സന്ദേശം നൽകണം അതായത് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ. നിങ്ങളുടെ ജോലി സന്ദേശം നൽകുക എന്നതാണ്. എങ്ങനെയാണോ ബാബയുടെ മഹിമ അപരംഅപാരമായിട്ടുള്ളത് അതുപോലെ ഭാരതത്തിന്റെ മഹിമയും അപരം അപാരമാണ്. ഇതും ആര് 7 ദിവസം ഭട്ടിയിൽ ഇരുന്ന് കേൾക്കുന്നോ അവർക്കേ മനസ്സിലാകൂ. സമയം ഇല്ല എന്നു പറയുന്നു. ഹേയ്, അരകല്പം നിങ്ങൾ വിളിച്ചുകൊണ്ടേയിരുന്നു, ബാബ ഇപ്പോൾ പ്രാക്ടിക്കലിൽ വന്നിരിക്കുകയാണ്. ബാബയ്ക്ക് വരേണ്ടതും അന്തിമത്തിലാണ്. ഇതും നിങ്ങൾ ബ്രാഹ്മണർ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് അറിയുന്നു. പഠിപ്പ് ആരംഭിച്ചു ഉടൻ നിശ്ചയമുണ്ടായി. പ്രിയതമൻ വന്നിരിക്കുന്നു, അവരെയാണ് നമ്മൾ വിളിച്ചുകൊണ്ടിരുന്നത്, തീർച്ചയായും ഏതെങ്കിലും ശരീരത്തിലായിരിക്കും വന്നിട്ടുണ്ടാവുക. ബാബയ്ക്ക് സ്വന്തമായി ശരീരമില്ലല്ലോ. ബാബ പറയുന്നു ഞാൻ ഇവരിൽ പ്രവേശിച്ച് നിങ്ങൾ കുട്ടികൾക്ക് സൃഷ്ടി ചക്രത്തിന്റേയും രചയിതാവിന്റേയും രചനയുടേയും ജ്ഞാനം നൽകുന്നു. ഇത് മറ്റാർക്കും അറിയുകയില്ല. ഇത് പഠിപ്പാണ്. വളരെ സഹജമായി മനസ്സിലാക്കിത്തരുന്നു. ബാബ പറയുന്നു ഞാൻ നിങ്ങളെ എത്ര ധനവാനാക്കി മാറ്റുന്നു. കല്പ കല്പം നിങ്ങളേപ്പോലെ പവി

ത്രവും സുഖിയുമായ വേറെ ആരുമില്ല. നിങ്ങൾ കുട്ടികൾ ഈ സമയത്ത് എല്ലാവർക്കും ജ്ഞാനം ദാനമായി നൽകുന്നു. ബാബ നിങ്ങൾക്ക് രത്നങ്ങൾ ദാനമായി നൽകുന്നു, നിങ്ങൾ മറ്റുള്ളവർക്ക് നൽകുന്നു. ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. നിങ്ങൾ നിങ്ങളുടെ തന്നെ ശരീരം- മനസ്സ്- ധനം എന്നിവ ഉപയോഗിച്ച് ശ്രീമതത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. എത്ര ശ്രേഷ്ഠമായ കാര്യമാണ്. നിങ്ങൾ ഗുപ്ത സേനകളാണ്, ആർക്കും അറിയുകയില്ല. നിങ്ങൾക്ക് അറിയാം നമ്മൾ വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടുകയാണ്, ശ്രീമതത്തിലൂടെ ശ്രേഷ്ഠമായി മാറുകയാണ്. ഇപ്പോൾ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. കൃഷ്ണന് പറയാൻ കഴിയില്ല, കൃഷ്ണൻ രാജകുമാരനായിരുന്നു. നിങ്ങൾ രാജകുമാരനായി മാറുകയല്ലേ. സത്യ ത്രേതായുഗങ്ങൾ പവിത്രമായ പ്രവൃത്തി മാർഗ്ഗമാണ്. അപവിത്രമായ രാജാക്കന്മാർ പവിത്രമായ രാജാവും റാണിയുമായ ലക്ഷ്മീ നാരായണന്റെ പൂജ ചെയ്യുന്നു. പവിത്ര പ്രവൃത്തി മാർഗ്ഗത്തിലുള്ളവരുടെ രാജ്യം ഉണ്ടാകും പിന്നീട് അപവിത്ര പ്രവൃത്തി മാർഗ്ഗമാകുന്നു. പകുതി പകുതിയല്ലേ. പകലും രാത്രിയും. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമാണെങ്കിൽ പകുതി പകുതിയാവുക സാധ്യമല്ല. ലക്ഷക്കണക്കിന് വർഷങ്ങളാണെങ്കിൽ ഹിന്ദുക്കൾ അതായത് വാസ്തവത്തിൽ ദേവതാ ധർമ്മത്തിലുള്ളവരുടെ ജനസംഖ്യ എത്ര അധികമാകണമായിരുന്നു. എണ്ണാൻ പറ്റാത്തത്രയാകുമായിരുന്നു. ഇപ്പോൾ എണ്ണുന്നുണ്ടല്ലോ. ഇത് ഡ്രാമയിൽ ഉള്ളതാണ്, വീണ്ടും ഉണ്ടാകും. മരണം മുന്നിൽ നിൽക്കുന്നുണ്ട്. ഇത് അതേ മഹാഭാരത യുദ്ധമാണ്. അതിനാൽ ഒരുമിച്ച് ഇരുന്ന് സേവനത്തിനുള്ള പദ്ധതികൾ തയ്യാറാക്കണം. സേവനം ചെയ്യുന്നുമുണ്ട്. പുതിയ പുതിയ ചിത്രങ്ങൾ ഇറക്കുന്നു, പ്രദർശിനികൾ നടത്തുന്നു. ശരി, ഇനി എന്തുചെയ്യാൻ കഴിയും? ശരി ആത്മീയ മ്യൂസിയം നിർമ്മിക്കൂ. സ്വയം കണ്ടിട്ടുപോയാൽ മറ്റുള്ളവരേയും അയയ്ക്കും. പാവപ്പെട്ടവരും ധർമ്മിഷ്ടരായ ധനവാന്മാരും നൽകുമല്ലോ. ധനവാന്മാരാണ് കൂടുതൽ നൽകുക, ഇതിലും അങ്ങനെയാണ്. ചിലർ 1000 നൽകും, ചിലർ കുറവായിരിക്കും. ചിലർ 2 രൂപപോലും അയയ്ക്കാറുണ്ട്. പറയും ഒരു രൂപയുടെ ഇഷ്ടിക വെയ്ക്കണം. ഒരു രൂപകൊണ്ട് 21 ജന്മങ്ങളിലേയ്ക്ക് ശേഖരിക്കണം. ഇത് ഗുപ്തമാണ്. പാവപ്പെട്ടവരുടെ ഒരു രൂപയും ധനവാന്റെ ആയിരവും തുല്യമാണ്. പാവപ്പെട്ടവരുടെ പക്കൽ കുറച്ചല്ലേ ഉള്ളു എന്തുചെയ്യാൻ പറ്റും. കണക്കല്ലേ. വ്യാപാരികൾ ധർമ്മപ്രവർത്തികൾ ചെയ്യാറുണ്ട്, ഇപ്പോൾ എന്താണ് ചെയ്യേണ്ടത്. ബാബയ്ക്ക് സഹായം നൽകണം. ബാബ പിന്നീട് റിട്ടേണായി 21 ജന്മങ്ങളിലേയ്ക്കുള്ളത് നൽകും. ബാബ വന്ന് പാവപ്പെട്ടവരെ സഹായിക്കുകയാണ്. ഇനി ഈ ലോകംപോലും ഉണ്ടാകില്ല. എല്ലാം മണ്ണോട് മണ്ണാകും. ഇതും അറിയാം തീർച്ചയായും കല്പം മുമ്പത്തേതുപോലെ സ്ഥാപന നടക്കണം. നിരാകാരനായ അച്ഛൻ പറയുന്നു- കുട്ടികളേ, ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളും ത്യാഗം ചെയ്യൂ, ഒരു ബാബയെ ഓർമ്മിക്കൂ. ഈ ബ്രഹ്മാവും രചനയല്ലേ. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്, ആരാണ് സൃഷ്ടിച്ചത്. ബ്രഹ്മാ- വിഷ്ണു- ശങ്കരന്മാരെ എങ്ങനെയാണ് സൃഷ്ടിക്കുന്നത് ഇത് ആർക്കും അറിയില്ല. ബാബ വന്ന് സത്യമായ കാര്യം മനസ്സിലാക്കിത്തരുന്നു. ബ്രഹ്മാവും തീർച്ചയായും മനുഷ്യസൃഷ്ടിയിലായിരിക്കും. ബ്രഹ്മാവിന്റെ വംശാവലിയെന്ന് പാടിയിട്ടുണ്ട്. ഭഗവാൻ മനുഷ്യ സൃഷ്ടിയുടെ രചന എങ്ങനെയാണ് ചെയ്യുന്നത്, ഇത് ആർക്കും അറിയില്ല. ബ്രഹ്മാവ് ഇവിടെ വേണമല്ലോ. ബാബ പറയുന്നു- ആരിലാണോ ഞാൻ പ്രവേശിച്ചത് അവരുടെ ഒരുപാട് ജന്മങ്ങളുടെ അന്തിമ ജന്മമാണിത്. ഇവർ പൂർണ്ണമായും 84 ജന്മങ്ങൾ എടുത്തു. ബ്രഹ്മാവ് ക്രിയേറ്ററല്ല. ക്രിയേറ്റർ ഒരേയൊരു നിരാകാരനാണ്. ആത്മാക്കളും നിരാകാരമാണ്. ഇത് അനാദിയാണ്. ആരും സൃഷ്ടിച്ചില്ലെങ്കിൽ പിന്നെ ബ്രഹ്മാവ് എവിടെ നിന്നു വന്നു. ബാബ പറയുന്നു- ഞാൻ ഇവരിൽ പ്രവേശിച്ച് പേര് മാറ്റിയതാണ്. നിങ്ങൾ ബ്രാഹ്മണരുടേയും പേര് മാറ്റിയിട്ടുണ്ട്. നിങ്ങൾ രാജഋഷികളാണ്, ആരംഭകാലത്ത് സന്യാസം ചെയ്ത് കൂടെ ഇരിക്കാൻ തുടങ്ങിയപ്പോൾ പേര് മാറ്റി. പിന്നീട് മായ വിഴുങ്ങുന്നതായി കണ്ടു അതിനാൽ മാലയുണ്ടാക്കുന്നതും, പേര് വെയ്ക്കുന്നതും ഉപേക്ഷിച്ചു.

ഇന്നുകാലത്ത് എല്ലാ കാര്യങ്ങളിലും മായം കൂടുതലാണ്. പാലിലും കലർപ്പാണ്. സത്യമായ വസ്തു ലഭിക്കുന്നില്ല. ബാബയുടെ കാര്യത്തിലും കള്ളത്തരമാണ്. സ്വയം ഭഗവാനാണ് എന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ആത്മാവ് എന്താണ്, പരമാത്മാവ് എന്താണ് എന്നതെല്ലാം അറിയാം. നിങ്ങളും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ്. ആര് എങ്ങനെ പഠിക്കുന്നു പിന്നെ പഠിപ്പിക്കുന്നു, എന്ത് പദവി നേടും എന്നതെല്ലാം ബാബയ്ക്ക് അറിയാം. ബാബയിലൂടെ നമ്മൾ വിശ്വത്തിന്റെ കിരീടധാരിയായ രാജകുമാരനായി മാറുകയാണ് എന്നതിൽ നിശ്ചയമുണ്ട്. എങ്കിൽ ഇങ്ങനെയുള്ള പുരുഷാർത്ഥം ചെയ്ത് കാണിക്കണം. നാം കിരീടധാരിയായ രാജകുമാരനായി മാറി, പിന്നീട് 84 ജന്മങ്ങളുടെ ചക്രം കറങ്ങി ഇപ്പോൾ വീണ്ടും ആവുകയാണ്. ഇത് നരകമാണ്, ഇതിൽ ഒന്നും ഇല്ല. വീണ്ടും ബാബ വന്ന് ഭണ്ഡാര നിറച്ച് കാലക്കേടിനെ ദൂരീകരിക്കുകയാണ്. നിങ്ങൾ എല്ലാവരോടും ചോദിക്കൂ ഇവിടേയ്ക്ക് ഭണ്ഡാര നിറയ്ക്കാനായിട്ടല്ലേ വന്നിരിക്കുന്നത്. അമരപുരിയിലേയ്ക്ക് കാലന് വരാൻ കഴിയില്ല. ബാബ വരുന്നത് ഭണ്ഡാര നിറച്ച് കഷ്ടകാലത്തെ ഇല്ലാതാക്കാനാണ്. അത് അമരലോകമാണ്, ഇത് മൃത്യുലോകമാണ്. ഉപ

കാരമില്ലാത്ത കാര്യങ്ങളല്ല. ഇങ്ങനെയുള്ള മധുര മധുരമായ കാര്യങ്ങൾ കേൾക്കുകയും കേൾപ്പിക്കുകയും വേണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനുള്ള പഠിപ്പ് പഠിപ്പിക്കാനായി വന്നിരിക്കുകയാണ് അതിനാൽ ഒരിയ്ക്കലും എനിക്ക് സമയമില്ല എന്ന് പറയരുത്. ശ്രീമതം അനുസരിച്ച് ശരീരം-മനസ്സ്-ധനം എന്നിവകൊണ്ട് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്ന സേവനം ചെയ്യണം.

2) പരസ്പരം വളരെ മധുര മധുരമായ ജ്ഞാനത്തിന്റെ കാര്യങ്ങൾ കേൾക്കുകയും കേൾപ്പിക്കുകയും വേണം. മോശമായത് കേൾക്കരുത്, മോശമായത് പറയരുത്.......... ബാബയുടെ ഈ നിർദ്ദേശം സദാ ഓർമ്മവെയ്ക്കണം.

## വരദാനം:- പരിധിയുള്ള സർവ്വ ആഗ്രഹങ്ങളിലും വിജയം പ്രാപ്തമാക്കുന്ന കാമത്തെ ജയിച്ച് വിശ്വത്തെ ജയിക്കുന്നവരായി ഭവിക്കട്ടെ.

കാമവികാരത്തിന്റെ അംശങ്ങളെല്ലാം പരിധിയുള്ള ആഗ്രഹങ്ങളാണ്. ആഗ്രഹം ഒന്നാണ് വസ്തുക്കളുടെ, രണ്ടാമത് വ്യക്തികൾ മുഖേന പരിധിയുള്ള പ്രാപ്തി, മൂന്നാമതാണ് സംബന്ധങ്ങൾ നിറവേറ്റുന്നതിന്റെ, നാലാമതാണ് സേവാ ഭാവനയിൽ പരിധിയുള്ള കാമനകളുടെ ഭാവം. ഏതെങ്കിലും വ്യക്തിയോടോ വസ്തുക്കളോടോ പ്രത്യേക ആകർഷണം തോന്നുക- ആഗ്രഹമൊന്നുമില്ല പക്ഷെ ഇത് നല്ലതായി തോന്നുന്നു, ഇതും കാമ വികാരത്തിന്റെ അംശമാണ്. എപ്പോൾ ഈ സൂക്ഷ്മ അംശം പോലും സമാപ്തമാകുന്നുവോ അപ്പോൾ പറയാം കാമജീത് ജഗത്ജീത്.

## സ്ലോഗൻ:- ഹൃദയത്തിന്റെ അനുഭൂതിയിലൂടെ ഹൃദയത്തെ രമിപ്പിക്കുന്ന ബാബയുടെ ആശീർവ്വാദം പ്രാപ്തമാക്കുന്നതിന്റെ അധികാരിയാകൂ.

**അവ്യക്ത സൂചനകൾ:- സങ്കൽപങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
മനസ്സ് സ്വയം ഒരു സൂക്ഷ്മ ശക്തിയാണ്, അത് നിയന്ത്രണത്തിലാണ് അതായത് ഓർഡർ അനുസരിച്ച് കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ പദവിയോടുകൂടി പാസ്സാകും, അഥവാ രാജ്യഅധികാരിയായി മാറും. സങ്കൽപശക്തി സംഭരിക്കുന്നതിന് വേണ്ടി എന്ത് ചിന്തിക്കുന്നുവോ അത് തന്നെ ചെയ്യൂ, നിർത്തൂ എന്ന് പറഞ്ഞാൽ സങ്കൽപം സ്റ്റോപ്പാകണം, സേവനത്തെക്കുറിച്ച് ചിന്തിക്കുകയാമെങ്കിൽ സേവനത്തിൽ മുഴുകണം. പരന്ധാമത്തെക്കുറിച്ച് ചിന്തിച്ചാൽ പരന്ധാമത്തിലെത്തിച്ചേരണം. അപ്രകാരം നിയന്ത്രണ ശക്തി വർദ്ധിപ്പിക്കൂ.